## പതിമൂന്നാം കേരള നിയമസഭ
## പന്ത്രണ്ടാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 1117** **04.12.2014 ൽ മറുപടിക്ക്**

**<u>അടൂർ വിദ്യാഭ്യാസ ജില്ല രൂപീകരണം</u>**

| **<u>ചോദ്യം</u>** | **<u>ഉത്തരം</u>** |
| --- | --- |
| **ശ്രീ. ചിറ്റയം ഗോപകുമാർ** | **ശ്രീ.പി.കെ.അബ്ദു റബ്ബ്**<br>**( വിദ്യാഭ്യാസ വകുപ്പു മന്ത്രി)** |
| (എ) അടൂർ വിദ്യാഭ്യാസ ജില്ല രൂപീകരണത്തിന് നിലവിലുള്ള കാലവിളംബം എന്തെല്ലാമെന്ന് അറിയിക്കുമോ; നാളിതുവരെ അനുബന്ധ വിഷയത്തിന്മേലുള്ള പ്രവർത്തന പുരോഗതി വെളിപ്പെടുത്തുമോ;<br><br>(ബി) അധിക തസ്തിക സൃഷ്ടിക്കാതെ നിലവിലുള്ള ജീവനക്കാരെ പുനർവിന്യസിപ്പിച്ച് വിദ്യാഭ്യാസ ജില്ല അടിയന്തിരമായി അനുവദിക്കുന്ന തിനുള്ള നടപടി സ്വീകരിക്കുമോ? | (എ) & (ബി) അടൂർ വിദ്യാഭ്യാസ ജില്ല രൂപീകരണം സംബന്ധിച്ച് പൊതു വിദ്യാഭ്യാസ ഡയറക്ടറിൽ നിന്നും വിശദമായ പ്രൊപ്പോസൽ ലഭിക്കുകയും സർക്കാർ പരിശോധിക്കുക യുമുണ്ടായി. ഹെഡ്മാസ്റ്റർമാർക്ക് ഡ്രോയിംഗ് ആന്റ് ഡിസ്ബേഴ്സിംഗ് അധികാരം നൽകിയിട്ടുള്ള സാഹചര്യത്തിലും, ശമ്പളബില്ലുകൾ ഇപ്പോൾ SPARK മുഖേന ചെയ്യുന്നതിനാലും ജില്ലാ വിദ്യാഭ്യാസ ഓഫീസുകളിലെ ജോലിഭാരം മുമ്പുള്ളതിനേക്കാൾ ലഘൂകരിക്കാൻ കഴിഞ്ഞിട്ടുള്ളതിനാൽ പ്രസ്തുത പ്രൊപ്പോസൽ പരിഗണിക്കുവാൻ കഴിയില്ല. വിവര സാങ്കേതിക വിദ്യ പ്രയോജനപ്പെടുത്തി ഓഫീസ് ജോലികൾ കൂടുതൽ കാര്യക്ഷമമാക്കുന്നതിന് പൊതു വിദ്യാഭ്യാസ ഡയറക്ടർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ